## 15 -ാം കേരള നിയമസഭ

## 4 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2847** **18-03-2022 - ൽ മറുപടിയ്ക്ക്**

## വ്യാജ ജാതി സർട്ടിഫിക്കറ്റ് തടയുന്നതിനുള്ള നടപടികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | null<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | വ്യാജ ജാതി സർട്ടിഫിക്കറ്റ് തടയുന്നതിനായി സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള ബദൽ മാർഗങ്ങൾ ആവിഷ്കരിക്കണമെന്ന ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ നടന്ന പ്രതിമാസ അവലോകനയോഗത്തിന്റെ തീരുമാനപ്രകാരം പട്ടികജാതി പട്ടികവർഗ വകുപ്പ് എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; | (എ) | ജാതി സർട്ടിഫിക്കറ്റ് വിതരണവുമായി ബന്ധപ്പെട്ട വിഷയത്തിൽ നടപടി സ്വീകരിക്കുന്നത് റവന്യൂ വകുപ്പാണ്. വ്യാജ ജാതി സർട്ടിഫിക്കറ്റുകൾ തടയുകയും പൊതുജനങ്ങൾക്ക് ആവശ്യമായ വിവിധ സർട്ടിഫിക്കറ്റുകൾ പരമാവധി വേഗത്തിൽ സുതാര്യമായി ലഭ്യമാക്കുകയും ചെയ്യുക എന്ന ഉദ്ദേശത്തോടെ റവന്യൂ വകുപ്പിൽ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ള പദ്ധതിയാണ് ഇ-ഡിസ്ട്രിക്ട്. ഇ-ഡിസ്ട്രിക്ട് പോർട്ടൽ മുഖാന്തിരം ഓൺലൈനായി നൽകുന്ന എല്ലാ സർട്ടിഫിക്കറ്റുകളിലും സെക്യൂരിറ്റി കോഡും QR (Quick Response) കോഡും പ്രിന്റ് ചെയ്തിട്ടുണ്ട്. ഓൺലൈനായി വിതരണം ചെയ്യുന്ന സർട്ടിഫിക്കറ്റുകളിൽ ഹോളോഗ്രാം പ്രിന്റ് ചെയ്യുന്നത് പ്രായോഗികമല്ല. ഹോളോഗ്രാം പ്രിന്റിംഗ് ഒരു സുരക്ഷാ മാനദണ്ഡമായി കരുതാനും സാധിക്കില്ല. സെക്യൂരിറ്റി കോഡ് ഉപയോഗിച്ചും QR കോഡ് സ്കാൻ ചെയ്തും ഇഡിസ്ട്രിക്ട് വെബ് പോർട്ടൽ മുഖാന്തിരം വിതരണം ചെയ്ത സർട്ടിഫിക്കറ്റിന്റെ ആധികാരികത പരിശോധിക്കുവാൻ സാധിക്കുന്നതാണ്. |
| (ബി) | പ്രസ്തുത കാര്യത്തിൽ കിർത്താഡ്സ് എന്ത് നടപടി സ്വീകരിച്ചു; വ്യക്തമാക്കുമോ? | (ബി) | ജാതി സർട്ടിഫിക്കറ്റ് വിതരണവുമായി ബന്ധപ്പെട്ട വിഷയത്തിൽ നടപടി സ്വീകരിക്കുന്നത് റവന്യൂ വകുപ്പാണ്. വ്യാജ ജാതി സർട്ടിഫിക്കറ്റുകൾ തടയുകയും പൊതുജനങ്ങൾക്ക് ആവശ്യമായ വിവിധ സർട്ടിഫിക്കറ്റുകൾ പരമാവധി വേഗത്തിൽ സുതാര്യമായി ലഭ്യമാക്കുകയും ചെയ്യുക എന്ന ഉദ്ദേശത്തോടെ റവന്യൂ വകുപ്പിൽ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ള പദ്ധതിയാണ് ഇ-ഡിസ്ട്രിക്ട്. ഇ-ഡിസ്ട്രിക്ട് പോർട്ടൽ മുഖാന്തിരം ഓൺലൈനായി നൽകുന്ന എല്ലാ സർട്ടിഫിക്കറ്റുകളിലും സെക്യൂരിറ്റി കോഡും QR (Quick Response) കോഡും പ്രിന്റ് ചെയ്തിട്ടുണ്ട്. ഓൺലൈനായി വിതരണം ചെയ്യുന്ന |

| | | | |
|---|---|---|---|
| | | | സർട്ടിഫിക്കറ്റുകളിൽ ഹോളോഗ്രാം പ്രിന്റ് ചെയ്യുന്നത് പ്രായോഗികമല്ല. ഹോളോഗ്രാം പ്രിന്റിംഗ് ഒരു സുരക്ഷാ മാനദണ്ഡമായി കരുതാനും സാധിക്കില്ല. സെക്യൂരിറ്റി കോഡ് ഉപയോഗിച്ചും QR കോഡ് സ്കാൻ ചെയ്തും ഇഡിസ്ട്രിക്റ്റ് വെബ് പോർട്ടൽ മുഖാന്തിരം വിതരണം ചെയ്ത സർട്ടിഫിക്കറ്റിന്റെ ആധികാരികത പരിശോധിക്കുവാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ